**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 38** **23-07-2021 - ൽ മറുപടിയ്ക്ക്**

**കെ.എം. മാണി മൈക്രോ ഇറിഗേഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ്,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ പ്രമോദ് നാരായൺ,<br>ശ്രീ. ജോബ് മൈക്കിൾ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കെ.എം. മാണി മൈക്രോ ഇറിഗേഷൻ എന്ന പേരിൽ ഒരു പദ്ധതി ജലസേചന വകുപ്പ് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. 28 -05 -2021 ലെ കേരള അസംബ്ളിയിൽ ഗവർണർ നടത്തിയ പ്രസംഗത്തിൽ മുൻമന്ത്രി ശ്രീ.കെ.എം. മാണിയുടെ സ്മരണാർത്ഥം കേരളത്തിലെ നാണ്യവിളകൾക്കുളടെ മൈക്രോ ഇറിഗേഷൻ വ്യാപകമാക്കുന്നതിനായി ശ്രീ.കെ.എം.മാണി ഊർജ്ജിത കമ്മ്യൂണിറ്റി മൈക്രോഇറിഗേഷൻ പദ്ധതി പ്രഖ്യാപിക്കപ്പെട്ടു. |
| (ബി) | എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (ബി) | ജലത്തിന്റെ ഏറ്റവും കൃത്യവും കാര്യക്ഷമവുമായ ഉപയോഗമാണ് മൈക്രോ ഇറിഗേഷൻ മുഖേനയുള്ള ജലസേചനത്തിലൂടെ സാധ്യമാകുന്നത്. കനാലുകളിൽ നിന്നും വളരെയകലെയുള്ള കൃഷിയിടത്തേക്കും കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതിയിലൂടെ ജലം എത്തിക്കാനാവും. കുളങ്ങൾ, തടയണകൾ, വി.സി.ബി.കൾ (Vented Cross Bars), ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ എന്നിവ അടിസ്ഥാനമാക്കി പദ്ധതി നടപ്പിലാക്കുന്നതിന്റെ സാധ്യതകൾ കണ്ടെത്തി, കൃഷി വകുപ്പ്, സഹകരണ വകുപ്പ് എന്നിവയുമായി സഹകരിച്ച് മൈക്രോഇറിഗേഷൻ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. 2020--21 സാമ്പത്തിക വർഷത്തിൽ 12 കോടി രൂപയും 2021-22 വർഷത്തിൽ 17 കോടി രൂപയും ഇതിനായി വകയിരുത്തിയിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തെ എല്ലാ പ്രദേശങ്ങളിലും എല്ലാ വിളകൾക്കും പ്രസ്തുത പദ്ധതിയിലൂടെ ജലസേചന സൗകര്യം ലഭ്യമാക്കുമോ; | (സി) | സംസ്ഥാനത്തെ എല്ലാ ജില്ലകളിലും മൈക്രോ ഇറിഗേഷൻ പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. നാണ്യവിളകളായ ഏലം, കുരുമുളക്, ജാതി, തെങ്ങ്, കൊക്കോ, കാപ്പി, കവുങ്ങ് തുടങ്ങിയവയും ഫലവൃക്ഷങ്ങൾ, പച്ചക്കറികൾ, വാഴ എന്നിവയുമാണ് മൈക്രോ ഇറിഗേഷൻ പദ്ധതിയിലൂടെ ജലസേചനം നൽകി കൃഷി ചെയ്യുവാൻ ഉദ്ദേശിക്കുന്നത്. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത പദ്ധതിയ്ക്കായി കാര്‍ഷിക വിളകളുടെ ഇനം തിരിച്ച് മേഖലകളോ ക്ലസ്റ്ററുകളോ രൂപീകരിക്കാന്‍ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ? | (ഡി) | നിലവില്‍ കാര്‍ഷികവിളകളുടെ ഇനം തിരിച്ച് മേഖലകളോ, ക്ലസ്റ്ററുകളോ രൂപീകരിക്കാന്‍ തീരുമാനിച്ചിട്ടില്ല. |

സെക്ഷന്‍ ഓഫീസര്‍